നം.എച്ച്2/35637/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 20.06.2014

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - പൊതുവിദ്യാലയങ്ങളിലെ ആറാം പ്രവൃത്തിദിന വിവരശേഖരണം പൂർത്തിയാക്കുന്നതു സംബന്ധിച്ച്.**

സൂചന:-1. 06.06.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എസ്3(എ)-39251/2014/ ഡി.പി.ഐ നമ്പർ സർക്കുലർ

2. 13.06.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP-46785/2014 നമ്പർ സർക്കുലർ

ഈ വർഷത്തെ ആറാം പ്രവൃത്തിദിന വിവരശേഖരണം മാനവലായി ശേഖരിക്കുന്നതോടൊപ്പം ഓൺലൈനായും രേഖപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സ്കൂളുകൾ ആറാം പ്രവൃത്തിദിന റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയതായി കാണുന്നില്ല. സൂചന 2 പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാരുടെ വിവരശേഖരണം ഓൺലൈനായി 18.06.2014 ന മുമ്പ് അപ്‌ലോഡ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ ഡാറ്റാ ഇനിയും പൂർണ്ണമായി അപ്‌ലോഡ് ചെയ്യാത്ത സ്കൂളുകൾ ഉള്ളതായി മനസ്സിലാക്കുന്നു. ഈ രണ്ടു പ്രവർത്തനങ്ങളും പൂർണ്ണമാക്കുന്നതിനും അതിന്റെ കൃത്യത കൈവരിക്കുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ആറാം പ്രവൃത്തിദിന റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്താത്ത വിദ്യാലയങ്ങൾ ഈ റിപ്പോർട്ട് 24.06.2014-ന് മുമ്പ് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈനായി രേഖപ്പെടുത്തുമ്പോൾ ആറാം പ്രവൃത്തിദിനത്തിലെ വിവരങ്ങളാണ് ഓൺലൈനായി നൽകിയതെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
2. ജീവനക്കാരുടെ വിവരശേഖരണം രേഖപ്പെടുത്താത്ത വിദ്യാലയങ്ങൾ ജീവനക്കാരുടെ വിവരങ്ങൾ 24.06.2014-ന് മുമ്പുതന്നെ ഓൺലൈനായി നൽകേണ്ടതാണ്.
3. എ.ഇ.ഒ., ഡി.ഇ.ഒ എന്നിവർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ ആറാം പ്രവൃത്തിദിന റിപ്പോർട്ടിന്റെ എൻട്രി സ്റ്റാറ്റസ് ലഭ്യമാകും. പ്രഥമാധ്യാപകർ confirm ചെയ്ത റിപ്പോർട്ട് view ചെയ്തശേഷം ആറാം പ്രവൃത്തിദിനത്തിന് തന്ന മാനവൽ കോപ്പിയുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തി confirm ചെയ്യേണ്ടതാണ്. കൂടാതെ ആറാം പ്രവൃത്തിദിന വിവരങ്ങൾ രേഖപ്പെടുത്താത്ത സ്കൂളുകളും കാണാവുന്നതാണ്. ഈ സ്കൂളുകളിൽ പ്രസ്തുത റിപ്പോർട്ട് നിശ്ചിത തീയതിക്കുമുമ്പ് രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
4. ആറാം പ്രവൃത്തിദിന റിപ്പോർട്ട് ഓൺലൈനിലും മാനവലായി നൽകിയ കോപ്പിയിലും വ്യത്യാസമുണ്ടെങ്കിൽ പിഴവു സംഭവിച്ചതിനെക്കുറിച്ച് പ്രഥമാധ്യാപകരോട് വിശദീകരണം തേടാവുന്നതാണ്.
5. ജീവനക്കാരുടെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താത്ത സ്കൂളുകളുണ്ടെങ്കിൽ അത്തരം സ്കൂളുകളിലെ ജീവനക്കാരുടെ വിവരങ്ങൾ 24.06.2014-ന മുമ്പ് രേഖപ്പെടുത്തിനതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
6. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരുടെ സമ്പൂർണ്ണ പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്**

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്